കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മങ്കര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

കേരള സംസ്ഥാന ഓഡിറ്റ്,

ജില്ലാ ഓഡിറ്റ്, പാലക്കാട്
e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി.17-120/2020

കേരള സംസാഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
ഇ-മെയിൽ-dopkd.ksad@kerala.gov.in
ഫോൺ 0491-2520145, തീയതി : 04.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

മങ്കര ഗ്രാമ പഞ്ചായത്ത്

(സെക്രട്ടറി മുഖേന)

സർ,

വിഷയം : മങ്കര ഗ്രാമ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം 2018-19 മങ്കര ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം മങ്കര ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ മങ്കര ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-പി.കെ.ഡി.17-120/2020 തിയതി: 04/06/2020

## പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 17.09.2018 മുതൽ 27.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീശൻ.എൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-11-2019 മുതൽ 07-12-2019 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| സുമേഷ്.എൻ | ഓഡിറ്റ് ഓഫീസർ |
| ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശിവപ്രസാദ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ജിജീഷ്.എ.കെ | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജിൻസി.എസ് | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.ജയദാസ്.കെ | 01-04-2018 മുതൽ 13-03-2019 വരെ |
| | ശ്രീ.ജയകുമാർ.എസ് | 14-03-2019മുതൽ 31-03-2019 വരെ |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സ്മിത സാമുവൽ | 01-04-2018 മുതൽ 31-03-2019 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജിമ്മി ജോർജ്ജ് | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സരസ്വതി | 06-04-2018 മുതൽ 31-03-2019 വരെ (01-04-2018 മുതൽ 05-04-2018 വരെ- Vaccant) |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ദേവപ്രസാദ്.പി.എം | 01-04-2018 മുതൽ 28-06-2018 വരെ & 26-11-2018 മുതൽ 30-12-2018 വരെ |
| | ശ്രീമതി. ഷംന | 29-06-2018 മുതൽ 25-11-2018 വരെ |
| | ശ്രീമതി. സബ്ന.ജെ | 31-12-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. ദീപ്തി ജോസഫ് | 01-04-2018 മുതൽ 03-07-2018 വരെ |
| | ഡോ. റിസ്വാന.പി | 04-07-2018 മുതൽ 04-08-2018 വരെ |
| | ഡോ. ധനേഷ്.ടി.ആർ | 05-08-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. ഫാത്തിമ രഹ്ന | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ. പ്രഭാത്.എ | 01-04-2018 മുതൽ 23-09-2018 വരെ |
| | ഡോ. പ്രമോദ്.പി | 24-09-2018 മുതൽ 05-10-2018 വരെ- Vaccant) |
| | ഡോ. സന്തോഷ് | 06-10-2018മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. സൗമ്യ വിജയകുമാർ | 01-04-2018 മുതൽ 31-01-2019 വരെ |
| | ഡോ.അനൂപ് | 01-02-2019 മുതൽ 31-03-2019 വരെ |
| ഡയറി ഫാം ഇൻസ്പക്ടർ | ശ്രീമതി.ബിന്ദു.എൻ | 01-04-2018 മുതൽ 16-06-2018 വരെ |
| | ശ്രീമതി.ബ്രിൻസി മാണി | 17-06-2018 മുതൽ 10-07-2018 വരെ |
| | ശ്രീമതി.ആശ.ബി | 11-07-2018 മുതൽ 21-11-2018 വരെ |
| | ശ്രീമതി.രാധിക.സി | 22-11-2018 മുതൽ 31-03-2019വരെ |
| എച്ച്.എം | ശ്രീമതി.സുമംഗല.എം | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് | ശ്രീമതി.രജിനി.കെ.എം | 01.04.2018 മുതൽ 22-06-2018 |

| | | |
|---|---|---|
| സെക്രട്ടറി | | വരെ |
| | ശ്രീമതി.സുനിത.സി.വി | 23-06-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-11 |
| 12 | രശീതി ബുക്കുകളുടെ ഉപയോഗം- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-12 |
| 13 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-13 |
| 14 | തൊഴിൽ നികുതി- അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-14 |
| 15 | ഡി&ഒ ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ് | 1-15 |
| 16 | വസ്തുനികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു | 1-16 |
| 17 | വസ്തുനികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-17 |
| 18 | വാട്ടർ ചാർജ്ജ് - കുടിശ്ശിക തുക ഈടാക്കേണ്ടതാണ് | 1-18 |
| 19 | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - ഗ്രാമപഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-19 |
| 20 | ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ കാർഷികമേഖലയിൽ നടപ്പാക്കേണ്ടതാണ് | 1-20 |
| 21 | അംഗൻവാടികളുടെ അടിസ്ഥാനസൗകര്യകുറവ്- പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല | 1-21 |
| 22 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 103884രൂപയുടെ നഷ്ടം | 1-22 |

| | | |
|---|---|---|
| 23 | ലൈഫ് മിഷൻ അവലോകനം | 1-23 |
| 24 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹമായ മുഴുവൻ തുകയും നൽകേണ്ടതാണ് | 1-24 |
| 25 | പാലിന് സബ്സിഡി - ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം ലഭ്യമാക്കിയില്ല | 1-25 |
| 26 | കുടുംബശ്രീ- ചെലവഴിക്കാത്ത പ്ലാൻ ഫണ്ട് തിരികെ അടവാക്കേണ്ടതാണ് | 1-26 |
| 27 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 1-27 |
| 28 | ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ അവലോകനം | 1-28 |
| 29 | ഗുണഭോക്തൃ വിഹിതം നാളിതുവരെയും ചെലവഴിക്കാതെ കിടക്കുന്നു | 1-29 |
| 30 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല | 1-30 |
| 31 | ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-31 |
| 32 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ. | 1-32 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 33 | ഒന്നുമില്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 34 | ഒന്നുമില്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 46 | വാർഷിക ധനകാര്യപത്രിക പരിശോധച്ചിതിൻമേലുള്ള സാക്ഷ്യപത്രം | അനുബന്ധം.1 |
| 47 | വിവിധ പത്രികകൾ | അനുബന്ധം.2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 14.02.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 16.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9159330 |
| വരവ് | 95309340 |
| ആകെ | 104468670 |
| ചെലവ് | 84989704 |
| നീക്കിയിരിപ്പ് | 19478966 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12751000 | 12751000 | 12747142 | 3858 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 9778000 | 9778000 | 8249174 | 1528826 |
| മെയിന്റനൻസ്, റോഡ് | 0 | 9436000 | 9436000 | 9345121 | 90879 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2780000 | 2780000 | 2221267 | 558733 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 5685000 | 5685000 | 5625468 | 59532 |
| സാക്ഷരത* | | 3507 | 124 | 3631 | 0 | 3631 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 39626348 | 39626348 | 39626348 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4579 | 541067 | 545646 | 543629 | 2017 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടി.എസ്.സി) | | 0 | 510089 | 510089 | 0 | 510089 |
| ദുരിതാശ്വാസ നിധി | | 81920 | 0 | 81920 | 53000 | 28920 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഹരിയാലി) | | 25975 | 921 | 26896 | 0 | 26896 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ICDS) | | 1434314 | 536075 | 1970389 | 684364 | 1286025 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ശുചിത്വമിഷൻ) | | 333949 | 1340000 | 1673949 | 352475 | 1321474 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഗ്രാമ വനം) | | 98088 | 0 | 98088 | 649 | 97439 |
| ജലനിധി | | 5458900 | 15854149 | 21313049 | 13562076 | 7750973 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ജൈവവൈവിദ്ധ്യം) | | 0 | 420000 | 420000 | 581 | 419419 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്* | ബ്ലോക്ക് പഞ്ചായത്ത് | 0 | 1678196 | 1678196 | 1678196 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 1677131 | 1677131 | 1677131 | 0 |
| ബി ഫണ്ട് | | 0 | 279120 | 279120 | 279120 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 7971215 | 7971215 | 7971215 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്** | 2031001 | 12454196 | 14485197 | 5496593 | 8988604 |
| | ട്രഷറി അക്കൗണ്ട്* | 1455360 | 18358423 | 19813783 | 17723681 | 2090102 |

* ജോയിന്റ് വെഞ്ചർ അക്കൗണ്ട് നാളിതുവരെയും തുടങ്ങിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറിയിലുള്ള ടി.എസ്.ബി അക്കൗണ്ടിലാണ് സംയുക്ത പ്രോജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നത്. ഈ തുകകളുടെ വരവ് ചെലവുകൾ ട്രഷറി അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ജനറൽ പർപ്പസ് ഗ്രാന്റിന്റെ വരവ് ചെലവുകളും ഉൾപ്പെട്ടിട്ടുണ്ട്.

** തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ ICDS, TSC, ശുചിത്വമിഷൻ എന്നിവ പ്രകാരമുള്ള ഫണ്ടുകൾ ഉൾപ്പെട്ടിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | കളുടെ ശതമാനം |
| 144 | 94979456 | 108 | 57195425 | 0 | 36 | 75 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 75% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 60.22% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 5999300 | 5279373 | 88.00 |
| വെറ്ററിനറി സർജൻ | 4 | 3 | 719000 | 452016 | 62.87 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 644339 | 429383 | 66.64 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 516000 | 512000 | 99.22 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 300000 | 300000 | 100.00 |
| വി.ഇ.ഒ | 10 | 9 | 35364140 | 16513929 | 46.70 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 10 | 4608675 | 4275691 | 92.77 |
| സെക്രട്ടറി | 17 | 12 | 10386900 | 7811236 | 75.20 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 88 | 61 | 33446400 | 19541780 | 58.43 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 550000 | 550000 | 100.00 |
| അസി.സെക്രട്ടറി | 3 | 2 | 1550000 | 849885 | 54.83 |
| എച്ച്.എം | 3 | 2 | 894702 | 680132 | 76.02 |
| ആകെ | 144 | 108 | 94979456 | 57195425 | 60.22 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4579 | 541067 | 545646 | 543629 | 2017 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 39626348 | 39626348 | 39626348 | 0 |
| ആകെ | 4579 | 40167415 | 40171994 | 40169977 | 2017 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 129120 | 71 |
| കർഷകതൊഴിലാളി പെൻഷൻ | 5642400 | 425 |
| വിധവാപെൻഷൻ | 8226400 | 691 |
| വാർദ്ധക്യകാലപെൻഷൻ | 17782300 | 1381 |
| വികലാംഗപെൻഷൻ | 2573700 | 208 |
| 50 വയസ്സിന് മുകളിലുള്ളവർക്കുള്ള അവിവാഹിത പെൻഷൻ | 909100 | 68 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2019 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 2.40ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24350രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽനികുതി പൂർണ്ണമായും ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടില്ല. അതുപോലെ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ ഡിപ്പോകൾ, അബ്കാരി ഷോപ്പുകൾ എന്നിവ ഡി ആന്റ് ഒ ലൈസൻസ് ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല പ്രവർത്തിക്കുന്നത് എന്ന കാണുന്നു. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കും ഫയലുകളും ശരിയായി സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ക്യാഷ് ബുക്ക്, ഡേ ബുക്ക്, ബാങ്ക് ബുക്ക്, എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യസ്റ്റേഷനറി, രസീതുബുക്കുകൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ട്. വെള്ളക്കര കുടിശ്ശിക ഇനത്തിൽ 253116 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2019 | 10/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.05.2006മുതൽ 20.05.2006 വരെ | 1997-98 മുതൽ 2005-06 വരെ | 23.6.2006 |

# 1-11 ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതാതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

മങ്കര ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 ന മുമ്പ് യോഗം വിളിച്ചുചേർക്കണമെന്ന സമയക്രമം പാലിച്ചിട്ടില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്നകാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-12 രശീതി ബുക്കുകളുടെ ഉപയോഗം- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

രശീതികളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ 11061 എന്ന രശീതി പുസ്തകത്തിലെ 1 മുതൽ 28 വരെയുള്ള പേജുകൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ടി രശീതികളിലൊന്നും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചതായി കാണുന്നില്ല. രശീതികൾ ഉപയോഗിക്കുമ്പോൾ നിർബന്ധമായും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്.

രശീതികളിൽ തിയ്യതി രേഖപ്പെടുത്തേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ ഉപയോഗിച്ച 11061 രശീതി ബുക്കിലെ 3 മുതൽ 27 വരെയുള്ള രശീതികളിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. എല്ലാ രശീതികളിലും തിയ്യതി രേഖപ്പെടുത്തേണ്ടതാണ്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രശീതി ബുക്കുകളുൾപ്പെടെയുള്ള എല്ലാ രശീതി ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്.

കേരള ട്രെഷറി കോഡ് വാള്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. എന്നാൽ മങ്കര ഗ്രാമപഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

11061, 11075(അസിസ്റ്റന്റ് എഞ്ചിനീയർ)

11070, 11060

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) അനുസരിച്ച് മൂന്ന് വർഷം കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. മങ്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന വിധം ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് കാണുന്നു. ഇതിൽ 3 വർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റ് തുകകളെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇ എം ഡി | 135868 |
| 2 | സപ്ലയേഴ്സ് ഇ എം ഡി | 18912 |
| 3 | ബിഡ്ഡേഴ്സ് ഇ എം ഡി | 30980 |
| 4 | കോൺട്രാക്ടേഴ്സ് റിറ്റൻഷൻ | 142334 |
| 5 | മറ്റ് ഡെപ്പോസിറ്റുകൾ | 45846 |
| 6 | റെന്റ് ഡെപ്പോസിറ്റ് | 18835 |
| 7 | ഓക്ഷൻ ഡെപ്പോസിറ്റ് | 9680 |
| 8 | വാട്ടർ ഡെപ്പോസിറ്റ് | 278500 |
| 9 | ലൈബ്രറി ഡെപ്പോസിറ്റ് | 4890 |
| 10 | ഹാളുകൾക്കും ഓഡിറ്റോറിയത്തിനും ലഭിച്ച ഡെപ്പോസിറ്റ് | 164325 |
| 11 | മറ്റ് ഡെപ്പോസിറ്റ് വരവുകൾ | 1417 |
| 12 | മറ്റുള്ളവരിൽ നിന്നും ലഭിച്ച ഡെപ്പോസിറ്റുകൾ | 8767 |
| | ആകെ | 8,60,354 |

# 1-14 തൊഴിൽ നികുതി- അപാകതകൾ പരിഹരിക്കേണ്ടതാണ്

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. ടി സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | വാർഡ്/ കെട്ടിട നം | അർദ്ധ വർഷം |
|---|---|---|---|---|
| 1 | കെ ആർ കെ അസോസ്സിയേറ്റ്സ് | 4 | 11/682 | 1&2 |
| 2 | മങ്കര സൂപ്പർ മാർക്കറ്റ് | 4 | 10/472-474 | 1&2 |
| 3 | സംഗം റൈസ് മിൽ | 10 | 10/222 | 1&2 |
| 4 | വൈറ്റ് സാന്റ് | 5 | 11/556 | 1&2 |
| 5 | ഫൺ സിറ്റി | 4 | 11/691 | 1&2 |
| 6 | വി കെയർ മെഡിക്കൽ സെന്റർ & ലബോറട്ടറി | 13 | 11/682 | 1&2 |

| | | | | |
|---|---|---|---|---|
| 7 | പോപ്പുലർ ടൈൽസ് | 4 | 11/616 | 1&2 |
| 8 | ഏഷ്യൻ എന്റർപ്രൈസസ് | 3 | 13/332 | 1&2 |
| 9 | ഡെന്റൽ സ്പെഷ്യാലിറ്റി സെന്റർ | 2 | 11/211 | 1&2 |
| 10 | ഒമേഗാ മാച്ച് ഇൻഡസ്ട്രീസ് | 25 | 11/299 | 1&2 |
| 11 | അക്സ എന്റർപ്രൈസസ് | 6 | 6/412 | 1&2 |
| 12 | ശ്രീലക്ഷ്മി ഇൻഡസ്ട്രീസ് | 5 | 7/411 | 1&2 |
| 13 | ആയുർവ്വേദ എനർജറ്റിക് | 4 | 6/419 | 1&2 |
| 14 | ഫാത്തിമ എന്റർപ്രൈസസ് | 4 | 11/385 | 1&2 |
| 15 | അൽ അമീൻ വുഡ് ഇൻഡസ്ട്രീസ് | 9 | 7/292-294 | 1&2 |

ബി)റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ മങ്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 ഡി&ഒ ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്

<u>ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ</u>

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്.

ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

മങ്കര ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കിയിരിക്കുന്നത്. പുതുക്കിയ ലൈസൻസ് ഫീസ് ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി സ്വീകരിക്കേണ്ടതാണ്.

ബി)<u>പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ, അബ്കാരി ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്കും ക്രമനം 139 പ്രകാരം അബ്കാരി ഷോപ്പുകൾക്കും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ മങ്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളും അബ്കാരി ഷോപ്പുകളും ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ

പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 6 റേഷൻ കടകൾക്കും 5 അബ്കാരി ഷോപ്പുകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.8/03-12-19 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

# 1-16 വസ്തുനികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു

100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി 100 ച.മീ കുറവുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു. നികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിവരം അറിയിക്കേണ്ടതാണ്.

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| കെ.സരോജിനി കുറവങ്ങാട്ടിൽ മംഗലം | 7/459 | 142.56 | അടിസ്ഥാനനികുതി-142.56*45=6415.2<br>ഇളവ്-641.52(10%)<br>വർദ്ധനവ്-1283(20%)<br>ആകെ-7057<br>ലൈബ്രറി സെസ്-353<br>ആകെ-7410 | അടിസ്ഥാനനികുതി-142.56*60=8553.6<br>ഇളവ്-855.36(10%)<br>വർദ്ധനവ്-1710.72(20%)<br>ആകെ-9409<br>ലൈബ്രറി സെസ്-471<br>ആകെ-9880 | 2470 |
| | | | ആകെ കുറവ് | | 2470 |

ബി)ഉപയോഗക്രമത്തിന് അനുസരിച്ച് വസ്തുനികുതി പരിഷ്ക്കരിച്ചിട്ടില്ല

പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ഗാർഹികാവശ്യത്തിന് എന്ന നിരക്കിലുള്ള വസ്തുനികുതിയാണ് നിർണ്ണയിച്ചിട്ടുള്ളത്. ഉപയോഗക്രമം മാറുന്നതിനനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. നികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | അപേക്ഷകന്റെ പേര് | വാർഡ്/ കെട്ടിട നം | നികുതി നിർണ്ണയിച്ച തരം | സ്ഥാപനത്തിന്റെ തരം |
|---|---|---|---|---|
| 1 | സരോജ, കുട്ടപ്പുര, കല്ലൂർ | 1/60 | ഗാർഹികം | കുലി അരവ് |
| 2 | പി.കെ.താജുരാജ് | 11/211 | ഗാർഹികം | ക്ലിനിക്ക് |

# 1-17 വസ്തുനികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

എ)വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കാനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം,

തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ബി) <u>വസ്തു നികുതി- കുടിശ്ശിക തുക ഈടാക്കേണ്ടതാണ്</u>

2018-19 സാമ്പത്തിക വർഷത്തെ വസ്തു നികുതികുടിശ്ശിക വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | തൻവർഷ കുടിശ്ശിക | 40,050/- |
| 2 | മുൻവർഷങ്ങളിലെ കുടിശ്ശിക | 1,40,496/- |
| | ആകെ | 1,80,546/- |

കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി)<u>മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്</u>

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക വിവരം താഴെ കൊടുക്കുന്നു. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് നം/ കെട്ടിട നം | ഉടമയുടെ പേര് | ഇൻസ്റ്റാൾ ചെയ്ത വർഷം | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | 5/488 | ബി എസ് എൻ എൽ പാലക്കാട് | 2013 | 6300 | 37800 |
| 2 | 6/5 | ബി എസ് എൻ എൽ പാലക്കാട് | 2013 | 4165 | 24990 |
| 3 | 6/438 | റിലയൻസ് ടവർ | 2016 | 5250 | 15750 |
| 4 | 7/498 | ബി എസ് എൻ എൽ | 2013 | 3938 | 23628 |
| 5 | 7/498 A | ബി എസ് എൻ എൽ ടവർ ബിൽഡിങ് | 2013 | 1248 | 7488 |
| 6 | 9/401 | കെ കെ ചാമുണ്ണി(CNIL) | 2013 | 7980 | 4360 |
| 7 | 14/370 | ബി എസ് എൻ എൽ | 2013 | 2888 | 17328 |

# 1-18 വാട്ടർ ചാർജ്ജ് - കുടിശ്ശിക തുക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 23കുടിവെള്ള പദ്ധതികൾ ഉണ്ട്. ഇതിൽ ഒരെണ്ണം ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നതാണ്. ഇതിൽ 136 ഗാർഹിക കണക്ഷനുകളും 6 ഗാർഹികേതര കണക്ഷനും ഉൾപ്പെടുന്നു. 2018-19 സാമ്പത്തിക വർഷത്തെ വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | ബാലൻസ് |
|---|---|
| വാട്ടർ ചാർജ്ജ്(തൻവർഷം) | 54,420/- |
| കുടിശ്ശിക | 1,98,696/- |
| | |

| | ആകെ | 2,53,116/- |
|---|---|---|

കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-19 പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - ഗ്രാമപഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്

പൊതു വിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗ്ഗികമായ കഴിവുകൾ അഭിരുചികൾക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുതകുന്ന സമൂഹത്തിന്റെ പൊതു ആസ്തികളായി സ്കൂളുകളെ മാറ്റുന്നതിനാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമിടുന്നത്. ഇതിന് പര്യാപ്തമായ രീതിയിൽ പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തി വിദ്യാർത്ഥികളുടെ അറിവ്, നൈപുണ്യം, മനോഭാവം എന്നിവ ലോകോത്തര നിലവാരത്തിലേക്കുയർത്തണം.

ഓരോ തദ്ദേശ ഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള പ്രീ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുകയും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ വിദ്യാർത്ഥികളിൽ ആശയവിനിയമ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. ലബോറട്ടറി, ലൈബ്രറി, കലാ-കായിക പഠനസൗകര്യങ്ങൾ തുടങ്ങിയ മേൻമയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓരോ പൊതു വിദ്യാലയത്തിലും ഉറപ്പാക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ വാർഷികപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി വിദ്യാഭ്യാസ മേഖലാ വർക്കിംഗ് ഗ്രൂപ്പ് പൊതു വിദ്യാഭ്യാസ സംരക്ഷണ മിഷന്റെ കർമ്മസേനയായി പ്രവർത്തിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കുന്ന വിധത്തിലുള്ള ചർച്ചകളോ, നിർദ്ദേശങ്ങളോ കാണുന്നില്ല. 2018-19 ലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ അടിസ്ഥാനവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ കാലികമാക്കിയിട്ടില്ല. കാലാനുസൃതമല്ലാത്ത സ്ഥിതിവിവര കണക്കുകൾ ഉപയോഗിച്ചാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടുകളിൽ ഓരോ വർഷവും ആവശ്യമായ മാറ്റം വരുത്തി പുതിയ സ്ഥിതി വിവരക്കണക്കുകൾ ഉൾപ്പെടുത്തേണ്ടതാണ്.

2018-19 ൽ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | പ്രൊജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | എസ്.എസ്.എ. ഗ്രാമപഞ്ചായത്ത് വിഹിതം | 2 | 590590 (വികസന ഫണ്ട്) | 590584 (വികസന ഫണ്ട്) |
| 2 | എസ്.എസ്.എ. ഗ്രാമപഞ്ചായത്ത് വിഹിതം (അരിയർ) | 3 | 89550 (വികസന ഫണ്ട്) | 89548 (വികസന ഫണ്ട്) |
| 3 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ | 135 | 214562 (വികസന ഫണ്ട്- എസ്.സി.പി) | - |

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ, പ്രൊജക്ട് ഡയറക്ടർ, പാലക്കാടിന് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.

(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ 7.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് തുക കൈമാറിയതല്ലാതെ എസ്.എസ്.എയുടെ പ്രൊജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി തുടങ്ങിയവർ ക്രിയാത്മകമായ ഇടപെടലുകളൊന്നും നടത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ തുക ഏതെല്ലാം സ്കൂളുകൾക്കാണ് ചെലവഴിച്ചതെന്നോ, ചിലവിന്റെ മറ്റ് വിശദാംശങ്ങളോ ലഭ്യമല്ല. ജി.ഒ (എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 13.1 അനുസരിച്ചുള്ള മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകുക എന്ന പ്രക്രിയയും ഇവിടെ സാധ്യമായിട്ടില്ല. എസ്.എസ്.എ പദ്ധതി ചെലവുകളുടെ വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മങ്കര പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് ഗവ.എൽപി സ്കൂൾ. കല്ലൂർ. 2018-19 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 2 അൺ എയിഡഡും 2 എയിഡഡും ഒരു സർക്കാർ സ്കൂളുമാണ് പ്രൈമറി മേഖലയിൽ നിലവിലുള്ളത്. പ്രസ്തുത സ്കൂളിൽ പ്രീ പ്രൈമറി വിഭാഗത്തിൽ നിലവിൽ 2 ലാപ് ടോപ്പുകൾ മാത്രമാണുള്ളത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂമുകളും ലബോറട്ടറികളും ഉൾപ്പെടെയുള്ള നൂതന സൗകര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. . സർക്കാർ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കായി കൂടുതൽ കലാകായിക പരിശീലനം നൽകുവാനുള്ള പദ്ധതിയും പഞ്ചായത്ത് വിഭാവനം ചെയ്യേണ്ടതാകുന്നു. പ്രസ്തുത വിദ്യാലയത്തെ ഭാവിയിൽ മികവുറ്റ വിദ്യാഭ്യാസ കേന്ദ്രമാക്കിമാറ്റുവാൻ ഉതകുന്ന തരത്തിൽ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാവുന്നതാണ്. ആയതിലേക്ക് വിദ്യാഭ്യാസ മേഖലാ വർക്കിങ്ങ് ഗ്രൂപ്പ്, പഞ്ചായത്ത് ഭരണ സമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-20 ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ കാർഷികമേഖലയിൽ നടപ്പാക്കേണ്ടതാണ്

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഉപദൌത്യമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നുമുണ്ട് .ആയതിനാൽ ഹരിതകേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം കൈവരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ 29.1.2018 തിയ്യതി പുറപ്പെടുവിച്ച സ.ഉ.കൈ 11/2018/തസ്വഭവ, ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിത ഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തികവളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷികമേഖലയിൽ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നു . ബൃഹത്തായ ഈ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന ഉപോത്ബലക പ്രവർത്തനങ്ങളും ഹരിതമിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

1. കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നിങ്ങനെയുള്ള കൃഷികൾ ഉൾപ്പെടുന്ന സംയോജിത കൃഷി സമ്പ്രദായങ്ങൾ അവലംബിച്ച് കൃഷി ഭൂമിയിൽ നിന്ന് പരമാവധി വരുമാനം കർഷകർക്ക് ലഭിക്കുന്ന പ്രൊജക്ടുകൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണ്.

2. ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

3. തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക.

ഇക്കാര്യത്തിന് സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക.

4. പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക. സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി ,ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .

5. കാർഷിക പദ്ധതികൾ മഹാത്മാമാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്തണം.

2018-19 വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷന്റെ മേല്പറഞ്ഞ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് പരിപോഷിപ്പിക്കുമാറ് കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. 2018-19 ൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പ്രൊജക്ട് മാത്രമാണ് നടപ്പാക്കിയത്.

| പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| നെൽകൃഷിക്ക് കൂലി ചെലവ് | 5999300 (പദ്ധതി -2999650, ബ്ലോക്ക് പഞ്ചായത്ത് -1235150<br>ജില്ലാ പഞ്ചായത്ത് -1764500) | 5279373 (പദ്ധതി -2951999, ബ്ലോക്ക് പഞ്ചായത്ത് -1235149<br>ജില്ലാ പഞ്ചായത്ത് -1092225) |

2018-19 വർഷത്തെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 22.2.18 ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

- നെൽകൃഷിയിൽ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടുത്തി കൃഷി നടപ്പിലാക്കുക.
- കുടുംബശ്രീ യൂണിറ്റുകൾ വഴി ജൈവപച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുക.
  കാർഷിക കർമ്മസേനക്ക് ആവശ്യമായ യന്ത്രങ്ങൾ അനുവദിക്കുക.

എന്നാൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് ചുമതലയുള്ള ഇതേ വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത ലക്ഷ്യങ്ങൾ മുൻനിർത്തി 2018-19 വർഷങ്ങളിൽ പ്രൊജക്ടുകളൊന്നും ആസൂത്രണം ചെയ്ത് നടപ്പാക്കിയതായി കാണുന്നില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നടപടികൾ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.
2. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണ-നിർവ്വഹണ-വിലയിരുത്തൽ ഘട്ടങ്ങളിൽ ഇടപെടുന്നുണ്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

# 1-21 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യകുറവ്-പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല

മങ്കര ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 27 |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 7 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത അങ്കണവാടികൾ | 4 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 2 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 3 |

22.03.2011ലെ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ 4 അംഗൻവാടികൾ ഫിറ്റല്ലെന്ന് സാക്ഷ്യപെടുത്തിയിട്ടും പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-01-2018 ലെ ജി.ഒ (എം.എസ്) 11/2018/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7.8.2പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം,

ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

കേന്ദ്രസഹായത്തിൽ 31.03.2019 ന് 1286025/-രൂപ നീക്കിയിരിപ്പുണ്ട് (ബാലൻസ് ഷീറ്റ് B4). സർക്കുലർ നം. 39033/ഡി സി2/2010/ തസ്വഭവ തിയതി 3.09.10 പ്രകാരം പൂരക പോഷകാഹാര പരിപാടിയ്ക്ക് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക ഉപയോഗിച്ച് അങ്കണവാടികളിൽ കുടിവെള്ളം, ചുറ്റുമതിൽ, പെയിന്റിംഗ്, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് മുതലായ പ്രവൃത്തികളും ഊഞ്ഞാൽ, സീസോ തുടങ്ങിയ കളിപ്പാട്ടങ്ങളും, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്. ആവശ്യകത വിലയിരുത്തി പ്രൊജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 103884രൂപയുടെ നഷ്ടം

2018-19 വർഷത്തിൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ281 രൂപ ഈടാക്കേണ്ടിതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 103884രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | ss1 (182kg/barrel) | rs1 (200kg/barrel) | s-65/vg30 (156kg/barrel) |
|---|---|---|---|

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറു കാരന്റെ പേര്, എം ബുക്ക് നം | ഫൈനൽ ബിൽ തുക, ചെലവിന്റെ വിവരം | ഉപയോഗിച്ച ബിറ്റുമിന്റെ തരം, അളവ് (in kg) | കാലി ബാരലു കളുടെ എണ്ണം | ആകെ | ഈടാ ക്കേണ്ട ബാരൽ വില @281/- (238+18% GST) |
|---|---|---|---|---|---|---|---|
| 1 | 114/19 നായാടി എസ്.സി. കോളനി ടാറിംങ് | ശ്രീ .സി.എം ബഷീർ 213/17-18 | 290897 ബിൽനം. 2/18-19 തിയതി. 18.05.18 | Ss1= 339.15 Rs1= 109.73 vg30= 841.89 | 1.86 0.55 5.20 | 7.61 | 2138 |
| 2 | 118/19-(163/18) പള്ളി അരങ്ങാട് റോഡ് മെയിന്റനൻയസ് | ശ്രീ വി.ആർ രമേഷ് 221/17-18 | 378533 ബിൽനം. 4/18-19 തിയതി 18.05.18 | Vg30= 3191.14 rs1= 355.87 | 1.78 20.46 | 22.24 | 6249 |
| 3 | 119/19 പാറപ്പള്ള അരങ്ങാട് റോഡ് മെയിന്റനൻസ് | ശ്രീ വി.ആർ രമേഷ് 217/17-18 | 387857 ബിൽനം. 6/18-19 തിയതി 18.05.18 | Vg30= 3245.55 rs1= 355.07 | 20.80 1.8 | 22.6 | 6351 |
| 4 | 125/19- വെള്ളാംകുന്ന് റോഡ് മെയിന്റനൻസ് | ശ്രീ വി.ആർ രമേഷ് 216/17-18 | 200000 ബിൽനം. 7/18-19 തിയതി 19.05.18 | Vg30= 1675.23 rs1= 182.38 | 10.74 0.91 | 11.65 | 3274 |
| 5 | 120/19 പെരുവപ്പള്ള റോഡ് മെയിന്റനൻസ് | ശ്രീ. സി.എം.ബഷീർ 211/17-18 | 394656 ബിൽനം. 8/18-19 | Rs1= 308.52 vg30= 2807.47 | 1.54 18 | 19.54 | 5491 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | തിയതി<br>18.05.18 | | | | |
| 6 | 124/19(157/18)-<br>കല്ലൂർപ്പള്ളി<br>റോഡ്<br>മെയിന്റനൻസ് | ശ്രീ വി.ആർ<br>രമേഷ് 219/17-<br>18 | 456410<br>ബിൽനം.<br>78/18-19<br>തിയതി<br>14.03.19 | Rs1=<br>140.88<br>vg30=<br>1293.97 | 0.70<br>8.29 | 8.99 | 2526 |
| 7 | 123/19(156/18)<br>-പാറപ്പള്ള<br>മുതലപ്പാടം<br>റോഡ്<br>മെയിന്റനൻസ് | ശ്രീ വി.ആർ<br>രമേഷ് 220/17-<br>18 | 199970<br>ബിൽനം.<br>11/18-19<br>തിയതി<br>18.05.18 | Rs1=<br>194.28<br>vg30=<br>1682.13 | 0.97<br>10.78 | 11.75 | 3302 |
| 8 | 115/19(85/18)-<br>വണ്ടവാഴക്കാവ്<br>റോഡ്<br>മെയിന്റനൻസ് | ശ്രീ വി.ആർ<br>രമേഷ് 218/17-<br>18 | 200000<br>ബിൽനം.<br>12/18-19<br>തിയതി<br>18.05.18 | Rs1=<br>105.28<br>ss1=<br>325.39<br>vg30=<br>807.81 | 0.53<br>1.79<br>5.18 | 7.5 | 2108 |
| 9 | 117/19(114/18)<br>-വലിയതൊടി<br>കനാൽറോഡ്<br>ടാറിംങ് | ശ്രീ സി.എം<br>ബഷീർ 212/17-<br>18 | 294124<br>ബിൽനം.<br>13/18-19<br>തിയതി<br>18.05.18 | Rs1=<br>85.31<br>ss1=<br>263.67<br>vg30=<br>654.52 | 0.43<br>1.45<br>4.20 | 6.1 | 1714 |
| 10 | 113/19(29/18)<br>-തലൈപ്പള്ളി<br>പ്പറമ്പ് റോഡ്<br>ടാറിംങ് | ശ്രീ സി.എം<br>ബഷീർ 214/17-<br>18 | 158892<br>ബിൽനം.<br>14/18-19<br>തിയതി<br>18.05.18 | Rs1=<br>155.79<br>vg30=<br>1338.32 | 0.78<br>8.58 | 9.36 | 2630 |
| 11 | 142/19(155/18)<br>-<br>കിഴക്കേ<br>പരിയാശ്ശേരി<br>റോഡ്<br>മെയിന്റനൻസ് | ശ്രീ അബ്ദുൾ<br>മുത്തലീഫ്<br>236/17-18 | 497791<br>ബിൽനം.<br>18/18-19<br>തിയതി<br>11.06.18 | Rs1=<br>497.98<br>vg30=<br>1608.46 | 0.40<br>10.31 | 10.71 | 3010 |
| 12 | 137/19(48/18)<br>കണ്ണംപരിയാരം<br>കുട്ടപ്പര<br>റോഡ്<br>മെയിന്റനൻസ് | ശ്രീ.<br>വിവേകാനന്ദൻ<br>223/17-18 | 482666<br>ബിൽനം.<br>21/18-19<br>തിയതി<br>06.08.18 | Rs1=<br>462.33<br>vg30=<br>3946.97 | 0.43<br>25.30 | 25.73 | 7230 |
| 13 | 144/19(165/18)-<br>കൊയിലത്തും<br>പടിറോഡ്<br>മെയിന്റനൻസ് | ശ്രീ വി.ആർ<br>രമേഷ് 237/17-<br>18 | 699371<br>ബിൽനം.<br>22/18-19<br>തിയതി<br>6.08.18 | Rs1=<br>670.17<br>vg30=<br>5974.15 | 3.35<br>38.29 | 41.64 | 11700 |
| 14 | 145/19 (166/18)-<br>കനാൽ<br>റോഡ്<br>കരുവാടത്തൊടി<br>റോഡ്<br>മെയിന്റനൻസ് | ശ്രീ<br>.വി.എ.അബ്ദുൾ<br>മുത്തലീഫ്<br>238/17-18 | 769450<br>ബിൽനം.<br>24/18-19<br>തിയതി<br>6.08.18 | Rs1=<br>543.70<br>ss1=<br>651.61<br>vg30=<br>4492.79 | 543.70<br>651.61<br>28.79 | 35.08 | 9857 |
| 15 | 146/19<br>അമ്മിണി<br>കോളേജ്<br>റോഡ്<br>മെയിന്റനൻസ് | ശ്രീ<br>.വി.എ.അബ്ദുൾ<br>മുത്തലീഫ്<br>239/17-18 | 475512<br>ബിൽനം.<br>25/18-19<br>തിയതി<br>6.08.18 | Rs1=<br>419.38<br>vg30=<br>3672.67 | 2.09<br>23.54 | 25.63 | 7202 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | 38/19 മാങ്കറിശ്ശി-വെള്ളൂർത്തൊടി റോഡ് മെയിന്റനൻസ് | ശ്രീ .വി.എ.അബ്ദുൾ മുത്തലീഫ് 59/17-18 | 464786 ബിൽനം. 52/18-19 തിയതി 24.01.19 | Rs1= 351.45 vg30= 3792.50 | 1.75 24.31 | 26.06 | 7323 |
| 17 | 51/19 പാരീസ് കോർണർ ഭരതക്കാട് റോഡ് | ശ്രീ .വി.എ.അബ്ദുൾ മുത്തലീഫ് 57/17-18 | 298404 ബിൽനം. 53/18-19 തിയതി 24.01.19 | Rs1= 223.54 vg30= 2429 | 1.11 15.57 | 16.68 | 4687 |
| 18 | 39/19 കണ്ടു പറമ്പ് കനാൽ റോഡ് മെയിന്റനൻസ് | ശ്രീ .വി.എ.അബ്ദുൾ മുത്തലീഫ് 58/17-18 | 390485 ബിൽനം. 54/18-19 തിയതി 24.01.19 | Rs1= 309.49 vg30= 3228.67 | 1.55 20.69 | 22.24 | 6249 |
| 19 | 35/19 തേറാംകോട് റോഡ് മെയിന്റനൻസ് | ശ്രീ .വി.എ.അബ്ദുൾ മുത്തലീഫ് 60/17-18 | 360098 ബിൽനം. 56/18-19 തിയതി 28.01.19 | Rs1= 255.62 vg30= 2704.37 | 1.28 17.33 | 18.61 | 5229 |
| 20 | 60/19 നായാടി കോളനി റോഡ് | ശ്രീ വി.ആർ രമേഷ് 69/17-18 | 300000 ബിൽനം. 58/18-19 തിയതി 20.03.19 | Rs1= 224.33 vg30= 2394.19 | 1.12 15.35 | 16.47 | 4628 |
| 21 | 49/19 അങ്കണവാടി-കണ്ണമ്പരിയാരം റോഡ് മെയിന്റനൻസ് | ശ്രീ വി.ആർ രമേഷ് 94/17-18 | 98121 ബിൽനം. 58/18-19 തിയതി 20.03.19 | Rs1= 49.50 ss1= 153 vg30= 379.80 | 0.24 0.84 2.43 | 3.51 | 986 |
| | ആകെ | | | | | 369.7 | 103884 |

ഫൈനൽ ബിൽ നല്കുന്ന വേളയിൽ തുക കരാറുകാരനിൽ നിന്ന് ഈടാക്കാതിരുന്ന നടപടിക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(ഓഡിറ്റ് അന്വേഷണം നം. 21/06-12-2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾക്കായി ഉപയോഗിച്ച 369.7 ബാരലുകളുടെ വില 103884 രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# 1-23 ലൈഫ് മിഷൻ അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം</u>

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ

- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2018-19 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ 3 ഭവനങ്ങളുടെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ മങ്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 121 ഉം എസ്.സി വിഭാഗത്തിൽ 19ഉം ഗുണഭോക്താക്കളാണുള്ളത്. ആയതിൽ ആകെ 66 പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - (25/19)-ജനറൽ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 2600000 | 2383599 |
| ബ്ലോക്ക് പഞ്ചായത്ത് | 243047 | 200000 |
| ജില്ലാ പഞ്ചായത്ത് | 435106 | 400000 |
| മറ്റിനം(വായ്പ്) | 26721847 | 10096401 |
| ആകെ | 30000000 | 13080000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 62 | 40000 | 2480000 |
| II | 55 | 160000 | 8800000 |
| III | 30 | 60000 | 1800000 |
| ആകെ | | | 13080000 |

ജനറൽ വിഭാഗത്തിൽ ആരും തന്നെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ( 26/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1824789 | 960000 |
| ബ്ലോക്ക് പഞ്ചായത്ത് | | - |
| മറ്റിനം (വായ്പ) | 175211 | - |
| ആകെ | 2000000 | 960000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 4 | 40000 | 160000 |
| II | 3 | 160000 | 480000 |
| III | 2 | 160000 | 320000 |
| ആകെ | | | 960000 |

എസ്.സി വിഭാഗത്തിൽ ആരും തന്നെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 10576401 രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ മങ്കര ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. 31-3-2019 വരെ 10096401 രൂപ ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സമാഹരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് മങ്കര സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ അക്കൗണ്ട് നമ്പർ 375 പ്രകാരം ഭവനനിധി രൂപികരിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഫണ്ടുകളൊന്നും ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1.വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2.സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4.പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

5.ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹമായ മുഴുവൻ തുകയും നൽകേണ്ടതാണ്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്റ്റിന് (പ്രൊജക്റ്റ് നമ്പർ-8) താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (ജനറൽ) പ്രൊജക്റ്റ് നമ്പർ-8 | 200000 (പദ്ധതി വിഹിതം ) | 20000 (പദ്ധതി വിഹിതം) | 13/18-19 dt 17.1.19 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രൊജക്റ്റ് നമ്പർ-94 | 78000 (പദ്ധതി വിഹിതം ) | 72549 | 12/18-19 dt 17.1.19 -67249<br>17/18-19 dt 19.3.19 - 5300 |

14-2-18 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/18 ത.സ്വ.ഭ.വ. ഉത്തരവിലെ ഖണ്ഡിക 7.1.6 പ്രകാരം മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത ഇനത്തിൽ പ്രതിമാസം ആയിരം രൂപ വീതവും വസ്ത്രത്തിനും, പഠന സഹായിക്കും, ഉല്ലാസ യാത്രയ്ക്കും വർഷത്തിൽ യഥാക്രമം 1500, 2000, 1000 രൂപയും സാമ്പത്തിക സഹായം നൽകാമെന്ന്(പരമാവധി 28500) വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പല വിദ്യാർത്ഥികൾക്കും നിയമാനുസൃത തുക അനുവദിച്ചിട്ടില്ല. ഉദാ. അഫ്സൽ.എസ്(10 th class), അപ്സര.എസ്(പ്രൈമറി ക്ലാസ്), വിഷ്ണുപ്രിയ ജി.നായർ(പ്രൈമറി ക്ലാസ്) എന്നിവർക്ക് 9859 രൂപയാണ് നൽകിയിരിക്കുന്നത്.

ഇക്കാര്യം പരാമർശിച്ച് നൽകിയ എൻക്വയറിയ്ക്ക് (13/5.12.19) ഫണ്ടിന്റെ ലഭ്യതയിൽ വന്ന കുറവ് കൊണ്ടും പദ്ധതി രൂപീകരണ സമയത്ത് കൃത്യമായ തുക വകയിരുത്തുന്നതിന് സാധിക്കാത്തതിനാലുമാണ് മേൽ അപാകതയ്ക്ക് കാരണമായത് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിനനുസരിച്ച് അർഹതപ്പെട്ട തുക നൽകാനായി ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതും, ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 പാലിന് സബ്സിഡി - ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം ലഭ്യമാക്കിയില്ല

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

22.02.2018 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് (മൃഗസംരക്ഷണം) യോഗ മിനിട്സ് പ്രകാരം 550000 രൂപ വകയിരുത്തുന്നിലേക്കായി ശുപാർശ ചെയ്തിട്ടുണ്ട്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗ മിനിട്സ് പ്രകാരം തുക വകയിരുത്തിയത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമായില്ല. എന്നാൽ 10.12.2018ന് ചേർന്ന ഭരണസമിതി യോഗത്തിൽ 200000 രൂപ പ്ലാൻ ഫണ്ട് വകയിരുത്തി അംഗീകരിക്കുകയും ചെയ്തു. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ സംബന്ധിച്ച് വിവരങ്ങൾ ഭരണസമിതി യോഗ മിനിട്ട്സിൽ നിന്നും ലഭ്യമായില്ല. പ്രോജക്റ്റിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | |
|---|---|---|---|---|
| | | | ബിൽ നം./ ചെക്ക് നം. | തുക (₹) |
| 95/19 | പാലിന് സബ്സിഡി നൽകൽ | ₹550000 {200000-Plan fund(GL), 200000- BP Share, 150000- DP Share} | 1/11-03-2019 | 200000 |
| | | | 2855978/07-02-2019 | 200000 |
| | | | 2855979/07-02-2019 | 150000 |
| | | | തുക | 550000 |

നിർവഹണ ഉദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ട്രക്ടർ

പാൽ ശേഖരിക്കുന്ന ക്ഷീരസംഘത്തിന്റെ പേര്-

1) പൂലോടി ക്ഷീരോല്പാദക സഹകരണ സംഘം- ഗുണഭോക്താക്കളുടെ എണ്ണം -72

2) കണ്ണമ്പരിയാരം ക്ഷിരോല്പാദക സഹകരണ സംഘം- ഗുണഭോക്താക്കളുടെ എണ്ണം- 61

3) കല്ലങ്കോട് ക്ഷിരോല്പാദക സഹകരണ സംഘം- ഗുണഭോക്താക്കളുടെ എണ്ണം -127 (ആകെ 251 ഗുണഭോക്താക്കൾ)

സബ്സിഡി മാർഗ്ഗരേഖ {സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018} പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം 4 രൂപ നിരക്കിൽ 3 (04/2018 മുതൽ 06/2016 വരെ) മാസത്തേക്ക് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. 07/2018ൽ 2.45 രൂപ നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. 2018 ഓഗസ്റ്റ് മുതൽ മാർച്ച് 2019 (8 മാസം) വരെയുള്ള പാലളവിന് കർഷകന് ആനുകൂല്യം ലഭിച്ചിട്ടില്ല.

കർഷകർക്ക് സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/05-12-2019) ഭാവിയിൽ അപാകത

പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകയാൽ ക്ഷീരമേഖലയ്ക്ക് കൂടുതൽ പദ്ധതി വിഹിതം വകയിരുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 കുടുംബശ്രീ- ചെലവഴിക്കാത്ത പ്ലാൻ ഫണ്ട് തിരികെ അടവാക്കേണ്ടതാണ്

2011-12 വർഷത്തിന് മുമ്പ് തന്നെ ചെലവഴിക്കാതെ കിടക്കുന്ന ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം, ഇന്റഗ്രേറ്റഡ് ഭവനം, ലക്ഷം വീട് ഒറ്റവീടാക്കൽ എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച തുകകൾ മുഴുവനും ചെലവഴിക്കാതെ കുടുംബശ്രീയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (Account No.10567718502, SBI, Mankara) സൂക്ഷിച്ചിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി തുക (₹) |
|---|---|
| ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം | 608457 |
| ഇന്റഗ്രേറ്റഡ് ഭവനം | 36500 |
| ക്ഷം വീട് ഒറ്റവീടാക്കൽ | 8500 |
| ആകെ | 653457 |

ചെലവഴിക്കാതെ കിടക്കുന്ന പ്ലാൻ ഫണ്ട് തുക നാളിതുവരെയും തിരിച്ചടക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/05-12-2019) തുക തിരികെ സഞ്ചിത നിധിയിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആകയാൽ നാളിതുവരെയും ചെലവഴിക്കാത്ത തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ അടവാക്കേണ്ടതാണ്.

# 1-27 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

മങ്കര ഗ്രാമപഞ്ചായത്തിന് തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ഭീമമായ തുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. വിവിധ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>എ. വൈദ്യുതി ചാർജ്ജ്</u>

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് മങ്കര ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന തെരുവുവിളക്കുകളാണ് കെ.എസ്.ഇ.ബി പറളി, പത്തിരിപ്പാല സെക്ഷനുകളിലായി നിലവിലുള്ളത്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് |
|---|---|---|---|
| 1 | സോഡിയം വേപ്പർ ലാമ്പ് - 250 W | 44 | 447 |
| 2 | മെർക്കുറി വേപ്പർ ലാമ്പ് - 250 W | 12 | 447 |
| 3 | ഡബിൾ ട്യൂബ് 2*40 W | 125 | 134 |
| 4 | സിംഗിൾ ട്യൂബ് 1*40 W | 104 | 66 |
| 5 | സി.എഫ്.എൽ - 2*11 W | 500 | 32 |
| 6 | സി.എഫ്.എൽ - 2*14 W | 413 | 44 |
| 7 | എൽ.ഇ.ഡി.- 24 W | 45 | 20 |
| 8 | സാധാരണ ബൾബ്- 40 W | 100 | 60 |
| 9 | സാധാരണ ബൾബ്- 60 W | 12 | 102 |

| | | |
|---|---|---|
| ആകെ | 1355 | |

2018-19 വർഷം ശരാശരി 97000രൂപ പ്രതിമാസം വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയിട്ടുണ്ട്. (പ്രതിവർഷ വൈദ്യുതി ചാർജ്ജ് വാർഷിക ധനകാര്യപത്രിക പ്രകാരം 1164058 രൂപയാണ്)

ബി. സാധനസാമഗ്രികളുടെ വാങ്ങലുകളും അറ്റകുറ്റപണിയും

വൈദ്യുതി ചാർജ്ജ് കൂടാതെ അറ്റകുറ്റപണികൾക്കും, സാധന സാമഗ്രികളുടെ വാങ്ങലിനുമായി തനത് ഫണ്ടിൽ നിന്നും വികസനഫണ്ടിൽ നിന്നും വൻ തുക ചെലവഴിക്കുന്നുണ്ട്. 2018-19 വർഷത്തിൽ ഈ ആവശ്യങ്ങൾക്കായി സെക്രട്ടറി മുഖേന ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പറും,പേരും | ചെലവ് | | റിമാർക്സ് |
|---|---|---|---|---|
| | | തുക | ബിൽ നം./ ചെക്ക് നം. & തീയതി | |
| 1 | 05/19, തെരുവു വിളക്ക് പരിപാലനം | 350000 | 29/19-03-2019 | വാർഷിക മെയിന്റനൻസ് കോൺട്രാക്റ്റ് |
| | | 43240 | 904584/23-01-19 | |
| 2 | 27/19, തെരുവ് വിളക്ക് പരിപാലനം-സാധനസാമഗ്രികൾ വാങ്ങൽ | 331343 | 24/26-11-2018 | Tube- 36W- 300 Nos, CFL-20W-200 Nos, LED-12W- 200 Nos കൂടാതെ മറ്റ് അനുബന്ധ സാമഗ്രികളും |
| 3 | 105/19, തെരുവുവിളക്ക് അറ്റകുറ്റപ്പണികളിലും സാധന സാമഗ്രികൾ വാങ്ങലും (Spill Over) | 70945 | 2/14-05-2018 | വാർഷിക മെയിന്റനൻസ് കോൺട്രാക്റ്റ് |
| | | 124050 | 17/07-09-2019 | |
| 4 | 130/19, തെരുവു വിളക്കിന് സ്ട്രീറ്റ് മെയിൻ വലിക്കലും, മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തലും (Spill Over) | 603000 | 13/14-08-2018 | തെരുവു വിളക്കിന് മീറ്ററിംഗ് |

തെരുവു വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

സി. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

തെരുവുവിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇപ്പോഴും മീറ്റർ സ്ഥാപിക്കാതെ Burning Hours ന്റെ അടിസ്ഥാനത്തിലാണ് അടവാക്കുന്നത്. വൈദ്യുതി ബോർഡിൽ 2017-18 ൽ 10,47,000 രൂപയും (പ്രോജക്റ്റ നം.153/18), 2018-19 ൽ (പ്രോജക്റ്റ നം.130/19) 603000 രൂപയും നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും മീറ്ററിംഗ് സംവിധാനം നിലവിൽ വന്നിട്ടില്ല. കൂടാതെ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയും ലഭ്യമാക്കിയില്ല. എല്ലാ ലാമ്പുകളേയും മീറ്ററിനു കീഴിൽ കൊണ്ടു വന്നാൽ വൈദ്യുതി ചാർജ്ജിനത്തിൽ കുറവ് പ്രതീക്ഷിക്കാവുന്നതാണ്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

വൈദ്യുതി ചാർജ്ജ്, വാങ്ങലുകൾ, അറ്റകുറ്റപണികൾ എന്നിവയ്ക്കായി പ്രതിവർഷം ശരാശരി 26 ലക്ഷം രൂപയെങ്കിലും വേണ്ടിവരുമെന്ന് മേൽകണക്കുകൾ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

3. എല്ലാ തെരുവു വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. സ.ഉ(പി)നം.259/2010/തസ്വഭവ, തിയതി 08-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്കായുള്ള മാർഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നമ്പർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി കാര്യക്ഷമമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചാൽ വൈദ്യുതി ചാർജ്ജും പരിപാലനച്ചെലവും ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർനപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ അവലോകനം

എ) ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന ആകെയുള്ള ഒരു കുടിവെള്ള പദ്ധതിയുടെ (കോട്ട- കാരാട്ടുപറമ്പ് ) വരവ്-ചെലവുകൾ താഴെ പറയും പ്രകാരമാണ്.

| ചെലവുകൾ | ₹ |
|---|---|
| കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ് | 103601 |
| റിപ്പയേഴ്സ് & മെയിന്റനൻസ് | 89772 |
| പമ്പ് ഓപ്പറേറ്റർമാർക്കുള്ള വേതനം (1*200*365) | 73000 |
| ആകെ | 266373 |
| വരവുകൾ | |
| വെള്ളക്കരം (തൻവർഷം) | 12702 |
| വെള്ളക്കരം (കുടിശ്ശിക) | 2704 |
| ആകെ | 15406 |

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ആകെ ചെലവ് 266373 രൂപയാണ്. എന്നാൽ തൻവർഷം വെള്ളക്കരം ഇനത്തിൽ ലഭിച്ച തുക 15406 രൂപ മാത്രമാണ്. കുടിവെള്ള പദ്ധതിയിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ ഭാഗികമായി 6,7,9,10 വാർഡുകളിൽ വിതരണം ചെയ്യുന്നുണ്ട്. ആയതിൽ 136 (130+6) എണ്ണം ഗാർഹിക-ഗാർഹികേതര കണക്ഷനുകളും, കൂടാതെ പൊതു ടാപ്പുകളും ഉൾപ്പെടുന്നുണ്ട്. 2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം 31-03-2019 വരെ വെള്ളക്കരത്തിന്റെ കുടിശ്ശക ₹ 253116/- ഉണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കേടുക്കാനുണ്ട്. തനത് ഫണ്ട് കുറവുള്ള ഗ്രാമ പഞ്ചായത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

കുടിവെള്ളപദ്ധതികൾ ഉണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരവും, വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/5-12-19) മങ്കര ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന കോട്ട- കാരാട്ടുപറമ്പ് കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ഉണഭോക്താക്കളിൽ പകുതിയിലധികം പേരും ബി.പി.എൽ/ എസ്.സി വിഭാഗത്തിൽപ്പെട്ട ആളുകളായതിനാൽ ടി പദ്ധതി പല തവണ ഉണഭോക്തൃ സമിതിയെ ഏൽപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും നടപ്പിലാകാത്ത അവസ്ഥയാണ് ഉള്ളത് എന്നും, കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ബി) ജലനിധി

ജലനിധി പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ 1, 2, 3, 4, 14 എന്നീ വാർഡുകളിലും, 5-ാം വാർഡിൽ ഭാഗികമായും കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലെ ആകെയുള്ള 14 വാർഡുകളിലും ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഞാവിലിൻകടവ് കുടിവെള്ള പദ്ധതിയിൽ നിന്നുമാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. ഇതുവഴി 1000 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം നിലവിൽ ചെയ്തു വരുന്നുണ്ട്. ബാക്കിയുള്ള 9 വാർഡുകളിൽ നിന്നും ഗുണഭോക്തൃ സമിതി മുഖേന 2500 കുടുംബങ്ങളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് അതത് ഗുണഭോക്തൃ സമിതികളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും കുടിവെള്ള കണക്ഷൻ നൽകാനുള്ള പ്രവർത്തി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കിയിട്ടില്ല.

ജലനിധി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/5-12-19) മറുപടിയായി ജലനിധി പദ്ധതി രണ്ടു ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഓന്നാം ഘട്ടത്തിന്റെ ഭാഗമായി പഞ്ചായത്തിലെ 1, 2, 3, 4, 14 എന്നീ വാർഡുകളിലും, വാർഡ് 5 ൽ ഭാഗികമായും നടപ്പാക്കുന്നതിനുള്ള തുക മാത്രമാണ് സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത് എന്നും, രണ്ടാം ഘട്ടത്തിന്റെ നടത്തിപ്പിനായുള്ള തുകക്കായി സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടുണ്ട് എന്നും, തുക കിട്ടുന്ന മുറയ്ക്ക് ബാക്കിയുള്ള വാർഡുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമായി മോണിട്ടർ ചെയ്യുന്നതിന് ഭരണസമിതിയുടെയും ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-29 ഗുണഭോക്തൃ വിഹിതം നാളിതുവരെയും ചെലവഴിക്കാതെ കിടക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ Balance Sheet- Schedule B-4 (Code No.320800101) പ്രകാരം 40000 രൂപ Beneficiary Contribution ചെലവഴിക്കാതെ/ തിരികെ നൽകാതെ ഗ്രാമ പഞ്ചായത്തിന്റെ ബാധ്യതയായി കിടക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/05-12-2019) മങ്കര ഗ്രാമ പഞ്ചായത്തിലെ 13ാം വാർഡ് കണ്ണമ്പരിയാരം ഞാറക്കോട്ടുകാവിൽ അമ്പലക്കമ്മിറ്റിയുടെ അഭ്യർത്ഥന പ്രകാരം ക്ഷേത്രവളപ്പിൽ പൊതുശൗചാലയം നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യപ്പെടുകയും TSC മുഖേന ശൗചാലയം നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനും 30-01-2014 ലെ ഭരണസമിതി തീരുമാനം 07(1) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ് എന്നും, ആയതിന്റെ അടിസ്ഥാനത്തിൽ TSC മുഖേന ശൗചാലയം നിർമ്മിക്കുകയും ടി പദ്ധതിയിൽ 10% (₹ 40000) ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തേണ്ടതിനാൽ ആയത് പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട് എന്നും, എന്നാൽ ആയതിന്റെ ബിൽ സമർപ്പിച്ച സമയത്തോ പിന്നീടുള്ള വർഷങ്ങളിലോ ടി തുക ആവശ്യപ്പെട്ടുകൊണ്ട് ശുചിത്വമിഷനിൽ നിന്നും യാതൊരു അറിയിപ്പും ലഭിച്ചില്ല എന്നും, ആയതിനാൽ തുക ചെലവഴിക്കാതെ തനതു ഫണ്ടിൽ കിടക്കുന്നു എന്നുമാണ് മറുപടി ലഭ്യമാക്കിയത്. ആകയാൽ നാളിതവരെയും ചെലവഴിക്കാത്ത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

# 1-30 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

വാഹനം -Mahindra Xylo- (രജിസ്ട്രേഷൻ നം.- KL-9AE-5482)

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട്

തയ്യാറാക്കി സമർപ്പിക്കുന്നില്ല.

- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്

  2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്

  3. റിപ്പയർ രജിസ്റ്റർ

  4. ഫ്യുവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ 2018-19 ൽ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. ആകയാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.

- ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ വ്യവസ്ഥയും ഗ്രാമ പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/06-12-2019) ഓരോ അർദ്ധ വർഷത്തിലും ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതാണ് എന്നും, രജിസ്റ്ററുകൾ മുഴുവനായും കൃത്യമായി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

# 1-31 ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് വർക്കിന് വേണ്ടി തുക കൈമാറിയതിന് നാളിതുവരെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | ബിൽ നം./ ചെക്ക് നം.& തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 130/19, തെരുവ് വിളക്കിന് സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തലും | 603000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 603000 | 13/ 14.08.2018 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, പറളി സെക്ഷൻ |

മേൽ പറഞ്ഞ പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട് (19-2019/05-12-2019). ആകയാൽ പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രവും, കെ.എസ്.ഇ.ബി.യുമായി കരാർ ചമച്ചതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-32 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം.

മങ്കര ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ MGNREGS മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം താഴെ ചേർക്കുന്നു.

മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം 3417 ആണ്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ ലഭിച്ചവരാണ്. തൻവർഷം 2979പദ്ധികൾക്കുള്ള അംഗീകാരം ലഭ്യമാവുകയും പ്രൊജക്ടുകൾക്കായി 19455900/-രൂപ(ലേബർ ബജറ്റ്) അടങ്കലായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പെടെ ഏറ്റെടുത്ത പദ്ധതികളിൽ136 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. 2113 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചതിൽ 668 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ടതിന് ശേഷം തൊഴിൽ ലഭ്യമാവാത്തവരും തൊഴിൽ രഹിത വേതനം നൽകപ്പെട്ടവരുമായി ആരുംതന്നെയില്ല. പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്. പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| ജല സംരക്ഷണം | 13 | 2498186 |
| വരൾച്ച തടയൽ | 4 | 236764 |
| ചെറുകിട ജലസേചനം | 18 | 8954359 |
| ഭൂവികസനം | 78 | 13294312 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 26 | 11716507 |
| പട്ടിക ജാതി -പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം, ലൈഫ് ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം | 21 | 728517 |
| കിണർ, തൊഴുത്ത് | 36 | 1614194 |
| ആകെ | 196 | 39042839 |

കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാനും പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം-2

വരവിനങ്ങളിലുള്ള പരാമർശങ്ങൾ - ഒന്നുമില്ല

ഭാഗം-3

ചെലവിനങ്ങളിലുള്ള പരാമർശങ്ങൾ – ഒന്നുമില്ല

<u>ഭാഗം -4</u>

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 01-07-2019 & 02-07-2019 | കെ.എസ്.എ-പി.കെ.ഡി-21/997/2019(40) തീയതി.26.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | 116/19, കുനിയമ്പാടം അംഗണവാടി കെട്ടിട നിർമ്മാണം | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 243047 | 25/19, ലൈഫ് ഭവന നിർമ്മാണം-ജനറൽ | 200000 | 43047 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | 95/19, പാലിന് സബ്സിഡി നൽകൽ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1235149 | 28/19, നെൽകൃഷിക്കുള്ള കൂലിചെലവ് | 1235149 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 435106 | 25/19, ലൈഫ് ഭവന നിർമ്മാണം-ജനറൽ | 400000 | 35106 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 150000 | 95/19, പാലിന് സബ്സിഡി നൽകൽ | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1092225 | 28/19, നെൽകൃഷിക്കുള്ള കൂലിചെലവ് | 1092225 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 130/19, തെരുവ് വിളക്കിന് സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തലും | 13/ 14.08.2018 | 603000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| | | | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10576401രൂപ വരവുണ്ട്. തുക മുഴുവനും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | 10576401 | 0 | 0 | 0 | 10576401 |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ വരവൊന്നുമില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രത്യേക റിപ്പോർട്ട് (2013-14) | | 2013-14 | 5.3.5-2 | ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന | സിറ്റിംഗ് കഴിഞ്ഞിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | തുകകൾ ശരിയാം വിധം ചെലവഴി ക്കുന്നില്ല | |
| 2014-15 | 2-1, 2-2 | 2016-17 | 1 | വസ്തു നികുതി | സിറ്റിംഗ് കഴിഞ്ഞിട്ടില്ല |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹95309340 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹84989704 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 2470 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 103884 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുളള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഖണ്ഡികയിലെ ക്രമ നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-16 | എ | 2470 | ശ്രീ. ജയദാസ്.കെ, സെക്രട്ടറി |
| 1-22 | 1മുതൽ 5വരെയും (23503)<br>7 മുതൽ 11വരെയും(12764) | 36267 | ശ്രീ.പി.എം.ദേവപ്രസാദ്<br>അസി.എഞ്ചിനിയർ |
| ടി | 12മുതൽ 15വരെയും (35989) | 35989 | ശ്രീമതി.ഷംന.എ<br>അസി.എഞ്ചിനിയർ |
| ടി | 6 (2526)<br>16 മുതൽ 21വരെയും(29102) | 31628 | ശ്രീമതി.സബ്ന.ജെ<br>അസി.എഞ്ചിനിയർ |
| | ആകെ | 103884 | |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എം.ദേവപ്രസാദ് അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ പിരായിരി ഗ്രാമപഞ്ചായത്ത് | "ദേവാഞ്ജലി" സി-16 ഹിൽവ്യൂ നഗർ പുതുപ്പരിയാരം.പി.ഒ പാലക്കാട് |
| ശ്രീമതി.ഷംന.എ അസി.എഞ്ചിനിയർ | PWD-യിലേക്ക് മാറി | ബയ്ത്തുൽ നിമാഹ് കേരളപുരം പെരുമ്പുഴ കൊല്ലം- |
| ശ്രീമതി.സബ്ന.ജെ അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ മങ്കര ഗ്രാമപഞ്ചായത്ത് | ഇ.1 സി.ന്യൂ സിവിൽ നഗർ പാലക്കാട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി6-629/96/12.11.96 | മുഴുവൻ |
| 97-98 | എൽ.എഫ്.പി7-1015/01/31.10.01 | മുഴുവൻ |
| | | |

| | | |
|---|---|---|
| 98-99 | എൽ.എഫ്.പി 7-610/02/4.9.02 | മുഴുവൻ |
| 99-2000 | എൽ.എഫ്.പി 12-997/03/31.10.02 | മുഴുവൻ |
| 2000-01 | എൽ.എഫ്.പി 12-8/8.5.04(plan) | മുഴുവൻ |
| 2000-01 | എൽ.എഫ്.പി12-453/A/04/12.8.04 | മുഴുവൻ |
| 2001-02 | എൽ.എഫ്.പി12 -453/B/04/ 12.8.04 | മുഴുവൻ |
| 2002-03 | എൽ.എഫ്.പി12 -929/05/3.2.05 | മുഴുവൻ |
| 2003-04 | എൽ.എഫ്.പി12-929/05/3.2.05 | മുഴുവൻ |
| 2004-05 | എൽ.എഫ്.പി 12-903/07/10.6.08 | മുഴുവൻ |
| 2005-06 | എൽ.എഫ്.പി 12-904/07/10.6.08 | മുഴുവൻ |
| 2006-07 | എൽ.എഫ്.പി 12-537/09/8.3.11 | മുഴുവൻ |
| 2007-08 | എൽ.എഫ്.പി 12-538/09/8.3.11 | മുഴുവൻ |
| 2008-09 | എൽ.എഫ്.പി171365/12/23.12.12 | മുഴുവൻ |
| 2009-10 | എൽ.എഫ്.പി 12-2066/11/23.12.11 | മുഴുവൻ |
| 20010-11 | എൽ.എഫ്.പി 17-1422/13/4.3.14 | പുനരഭിപ്രായക്കുറിപ്പ് |
| 2011-12 | എൽ.എഫ്.പി 17-1175/14/17.7.14 | പുനരഭിപ്രായക്കുറിപ്പ് |
| 2012-13 | എൽ.എഫ്.പി 17-636/15/6.7.15 | പുനരഭിപ്രായക്കുറിപ്പ് |
| 2013-14 | കെ.എസ്.എ.പി.കെ.ഡി17-1180/16/ 25/7/2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | കെ.എസ്.എ.പി.കെ.ഡി17-1180/16/ 25/7/2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ-പികെഡി-17-2253/2016/24.12.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി.17-1686/2017/18.09.2017 | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | നം.കെ.എസ്.എ.പി.കെ.ഡി.17-2430/2018/12.02.2019 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.1 വാർഷിക ധനകാര്യപത്രിക പരിശോധച്ചിതിൻമേലുള്ള സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി-21/997/2019(40)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.
3. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
4. തൊഴിൽ നികുതി -കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
5. 2019-20 ലേക്കുള്ള മുൻകൂർ ഡി & ഒ വരവ് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. 2018-19 വർഷം കുടിശ്ശിക വരവായി 2800 രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ പ്രസ്തുത വരവ് ചേർത്തിട്ടില്ല.
6. വെള്ളക്കരം (കുടിശ്ശിക) – ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല
7. SBI -E payment (2873) എന്ന അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.
8. തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത മറ്റ് ഫണ്ടുകൾക്ക് (Tsc, ICDS etc) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
9. ലോൺ രജിസ്റ്റർ പ്രകാരം 10576401 രൂപയാണ് KURDFC ലോൺ. എന്നാൽ വാർഷിക കണക്കിലെ B-5 പ്രകാരം 11056401 രൂപയാണ് ലോൺ തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(40)

Kerala State Audit Department,
District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Mankara Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mankara Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

## Annexure

### Abstract Defects / Discrepancies

1. Accuracy of Asset value in balance sheet could not be verified since the asset register is not made up to date and linked with Sankhya.

2. Stock register is not kept as value based.

3. Property tax demand, collection and balance in Sanchaya does not agree with that of AFS.

4. Profession Tax- Arrear Demand Register not maintained.

5. Advance Collection of D&O for the year 2019-20 not entered in D&O register. Arrear Collection of D & O ₹ 2800 also not recorded in D & O Register.

6. Arrear Demand Register not maintained for water charge.

7. Bank statement of SBI -E payment (2873) not produced for verification.

8. Seperate Appropriate Control Register not maintained for grants deposited in own fund bank account

9. As per Loan Register KURDFC Loan amount is ₹ 10576401. As per B-5 schedule of AFS Loan amount ₹11056401.

Deputy Director

# അനുബന്ധം.2 വിവിധ പത്രികകൾ

| Mankara Grama Panchayat<br>RECEIPT & PAYMENT<br>STATEMENT | | | |
|---|---|---|---|
| For the period from<br><br>01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 9159330.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 903480.00 |
| 130000000 | Rental income from Panchayat Properties | RP-3 | 476650.00 |
| 140000000 | Fees & User Charges | RP-4 | 5107346.00 |
| 150000000 | Sale & Hire Charges | RP-5 | 88100.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46960236.00 |
| 171000000 | Interest Earned | RP-9 | 13963.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22027476.00 |
| 350000000 | Other Liabilities | RP-36 | 50741.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 4980.00 |
| 330000000 | Secured Loans | RP-32 | 10576401.00 |
| 340000000 | Deposits Received | RP-34 | 335674.00 |
| 350000000 | Other Liabilities | RP-36 | 260705.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8138755.00 |
| 460000000 | Loans, Advances and Deposits | RP-47 | 364833.00 |
| | Grand total | | 104468670.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3580735.00 |
| 220000000 | Administrative Expenses | RP-12 | 1214776.00 |
| 230000000 | Operations & Maintenance | RP-13 | 1858245.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6317274.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 39457740.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3446023.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1882682.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 501528.00 |
| 255000000 | Maintenance Projects | RP-20 | 16922538.00 |
| 280000000 | Prior Period item | RP-26 | -43600.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 451086.00 |
| 350000000 | Other Liabilities | RP-36 | 3937548.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 17135.00 |
| 311000000 | Earmarked Funds | RP-29 | 53000.00 |
| 340000000 | Deposits Received | RP-34 | 289497.00 |
| 350000000 | Other Liabilities | RP-36 | 1546022.00 |
| 410000000 | Fixed Assets | RP-38 | 2489620.00 |
| 460000000 | Loans, Advances and Deposits | RP-47 | 1067855.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19408001.00 |
| Cash | Cash | RP-40(b) | 70965.00 |
| | Grand Total | | 104468670.00 |

Mankara Grama Panchayat INCOME
& EXPENDITURE STATEMENT

& EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3351199.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 476650.00 |
| 140000000 | Fee & User Charges | I-4(b) | 5248580.00 |
| 150000000 | Sale & Hire Charges | I-5(b) | 88100.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 152357247.00 |
| 171000000 | Interest Earned | I-8 | 13963.00 |
| 180000000 | Other Income | I-9 | 4980.00 |
| | Total Income | | 161540719.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9160557.00 |
| 220000000 | Administrative Expenses | I-11(b) | 1214776.00 |
| 230000000 | Operations & Maintenance | I-12(b) | 1858245.00 |
| 240000000 | Interest & Finance Charges | I-13 | 17135.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6317274.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 79091088.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3446023.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1882682.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 35635428.00 |
| 255000000 | Maintenance Projects | I-14(e) | 16922538.00 |
| 272000000 | Depreciation | I-17(a) | 5777834.00 |
| | Total Expenditure | | 161323580.00 |
| | Gross Surplus/ Deficit of income over Expenditure | | 217139.00 |
| 280000000 | Prior Period Item | I-18 | -279974.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 497113.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Mankara Grama Panchayat BALANCE SHEET

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12736480.15 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 28920.00 |
| 312000000 | Reserves | B-3 | 35111542.00 |
| | Total Reserve & Surplus | | 47876942.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14428906.00 |

| | | | |
|---|---|---|---|
| | Total Grants, Contributions for Specific Purposes | | 14428906.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 11056401.00 |
| | Total Loans | | 11056401.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 860354.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1585942.85 |
| | Total Current Liabilities and Provisions | | 2446296.85 |
| | TOTAL LIABILITIES | | 75808546.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 50253158.00 |
| 411000000 | Accumulated Depreciation | B-11 | -5777834.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 44475324.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 450554.00 |
| 440000000 | Pre-paid Expenses | B-16 | 10576401.00 |
| 450000000 | Cash and Bank Balance | B-17 | 19478966.00 |
| 460000000 | Loans, Advances and Deposits | B-18 | 827301.00 |
| | Total Current Assets, Loans and Advances | | 31333222.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 75808546.00 |